


# ഭൂസമരം : അന്തസ്സും അഭിമാനത്തോടെയുമുള്ള ജനാധിപത്യ ജീവിതത്തിനായുള്ള അതിജീവനസമരം

**കേരളത്തിൽ** വലിയൊരു മാറ്റം സംഭവിക്കുകയാണ്, വിപ്ലവകരം എന്ന് ഏതർത്ഥത്തിലും വിശേഷിപ്പിക്കാവുന്ന താരതമ്യേനെ നിശബ്ദമായി മുന്നേറുന്ന സാമൂഹിക പരിഷ്കാരം. ഭൂമിയുമായി ബന്ധപ്പെട്ട്, അത് റിയലെസ്റ്റേറ്റ് മാഫിയ അല്ല: ആദിവാസി-ദളിത്, ഭൂരഹിത, കർഷക തൊഴിലാളി സ്ത്രീ ജീവിതങ്ങളിലെ മാറ്റങ്ങളാണ് കാണുന്നത്.

ഭൂമി, കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രകൃതി വിഭവം മാത്രമല്ല. ഏതർത്ഥത്തിലും അത് രാഷ്ട്രീയവുമാണ്. രാഷ്ട്രീയാധികാരവുമായി ബന്ധപ്പെട്ട് ശക്തമായ വിഭവമായി ഭൂമി മാറിയിട്ടുണ്ടായിരുന്നെങ്കിലും കൊട്ടിഘോഷിക്കപ്പെട്ട ഭൂപരിഷ്കരണം കേരളത്തിലെ പാവപ്പെട്ടവർക്ക്, ആദിവാസിയ്ക്ക്, തൊഴിലാളിക്ക്, ദളിതർക്ക്, പിന്നോക്കക്കാർക്ക് എന്താണ് നല്കിയതെന്ന് ആത്മവിമർശനം നടത്താൻ ഭരണാധികാരികളും രാഷ്ട്രീയ സംവിധാനങ്ങളും തയ്യാറായെതീരൂ എന്നതാണ് സമീപകാല ഭൂസമരങ്ങൾ നല്കുന്ന സൂചന. മുത്തങ്ങയും ആറളവും ചെങ്ങറയും മേപ്പാടിയും ചിന്നക്കനാലും ചോക്കാടും മറ്റനേകം സ്ഥലങ്ങളും നല്കുന്ന സൂചന കേവലം കിടപ്പാടത്തിനായുള്ള ഭൂമിക്കല്ല കൃഷിക്കും ഉപജീവനത്തിനും കൂടിയുള്ള അവകാശത്തിനും വേണ്ടിയാണ് സമരം എന്നതാണ്. കാലാകാലങ്ങളായി കോളനികളിലും പുറമ്പോക്കുകളിലും മൂന്ന്, അഞ്ച് സെന്റ് സ്ഥലത്തും കഴിഞ്ഞിരുന്നവർ, മതിയായ ഉപജീവനമാർഗ്ഗം ഇല്ലാതിരുന്നവർ, തങ്ങൾ വിശ്വസിച്ചിരുന്ന രാഷ്ട്രീയ പാർട്ടികളുടെ വഞ്ചന തിരിച്ചറിഞ്ഞവർ, മറ്റു സംഘടനകളിലും മതങ്ങളിലും രക്ഷ ലഭിക്കാതിരുന്നവർ, ഗതിമുട്ടിയപ്പോഴാണ് സമരരംഗത്തേക്ക് പല തലങ്ങളിൽ കൂട്ടം കൂട്ടമായി ഇറങ്ങുന്നത്.

ഭൂമിയുള്ളവരും ഇല്ലാത്തവരും തീരെ ഇല്ലാത്തവരും ഉള്ളപ്പോൾ ഈ ഭൂമിയെല്ലാം എവിടെപ്പോയി എന്ന് അന്വേഷിക്കുമ്പോൾ കേരളത്തിലെ ഭൂമിയുടെ മാത്രമല്ല വിഭവത്തിന്റേയും അധികാരത്തിന്റേയും രാഷ്ട്രീയത്തിന്റെയും അവസ്ഥയെ പരിശോധിക്കുന്നതിലേക്ക് നയിക്കുന്നുണ്ട്. സമ്പന്നരിലും സവർണ്ണരിലും കുത്തകകളിലും തോട്ടങ്ങളിലും വ്യവസായങ്ങളിലുമായാണ് ഭൂമി കേന്ദ്രീകരിച്ചിരിക്കുന്നത്. ലക്ഷംവീട് കോളനി ജീവിതം പലരേയും കെട്ടിയടക്കുന്ന സ്ഥിതിയിലേക്ക് എത്തിച്ചിട്ടുണ്ട്. വെറും ഭൂമിയോ കൃഷിയിടമോ എന്നതിനേക്കാൾ അന്തസ്സോടെയുള്ള ജീവിതത്തിനും സാമൂഹ്യ ജീവിതത്തിൽ തുല്യവും മാന്യവും ജനാധിപത്യപരവുമായ അവകാശങ്ങളുണ്ടാകണം എന്നതിലേക്കാണ് ഇപ്പോഴുള്ള ഭൂസമരങ്ങൾ എത്തുക.

കേരളത്തിലെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കവസ്ഥയിലുള്ളവരെ സമചിത്തതയോടെ ശ്രദ്ധിച്ചാലറിയാം അവർക്ക് തുല്യ അധികാരം ലഭിക്കാതെ പോയത് വിഭവങ്ങളിന്മേലുള്ള അധികാരം ഇല്ലാതിരുന്നതുകൊണ്ടാണ്, പ്രത്യേകിച്ച് ഭൂമിയില്ലാതിരുന്നതുകൊണ്ടാണ്. നൂറ്റാണ്ടുകളായുള്ള അനീതിയിലും പീഢനത്തിലും പിന്നോക്കാവസ്ഥയിലും കഴിഞ്ഞിരുന്ന ജനങ്ങൾ-അവരിൽ ആദിവാസികൾ മാത്രമല്ല ദളിതരും ന്യൂനപക്ഷ ജനവിഭാഗങ്ങളും സ്ത്രീകളും മറ്റുമുണ്ട്-തങ്ങളുടെ അധികാരം തിരിച്ചുപിടിക്കുന്നതിലുള്ള അന്തസ്സ് വീണ്ടെടുക്കുകയാണ് ഈ സ്വാതന്ത്ര്യസമരത്തിലൂടെ നടക്കുന്നതെന്ന് കേരളീയം ഈ ലക്കത്തിലൂടെ പ്രകാശിപ്പിക്കാൻ ശ്രമിക്കുകയാണ്.

വിഭവങ്ങളില്ലാത്തതുകൊണ്ട് അധികാരവും അധികാരം ഇല്ലാത്തതുകൊണ്ട് അന്തസ്സും അഭിമാനവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിലെ വിവിധ തലങ്ങളിലുള്ള സവിശേഷ ജനവിഭാഗങ്ങൾ ദുരവസ്ഥയിൽനിന്നുള്ള മോചനത്തിനായി തങ്ങളുടെ തന്നെ മുൻകയ്യിൽ നടത്തുന്ന ഈ അതിജീവന സമരങ്ങളോട് ജനാധിപത്യപരമായ സംവാദത്തിനും പിന്തുണയ്ക്കും നമുക്കോരോരുത്തർക്കും ബാധ്യതയുണ്ടെന്ന ഓർമ്മപ്പെടുത്താൻ കേരളീയത്തിലെ വിവിധ നിരീക്ഷണങ്ങളിലൂടെ ഊന്നാൻ ശ്രമിക്കുന്നു.